**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 109** **03-02-2026 - ൽ മറുപടിയ്ക്ക്**

**റവന്യൂ വകുപ്പിന്റെ ഓൺലൈൻ സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മുരളി പെരുനെല്ലി,<br>ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ,<br>ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | പ്രവാസികൾക്ക് സംസ്ഥാനത്തെ ഭൂനികുതിയും മറ്റ് നികുതികളും അടയ്ക്കാൻ റവന്യൂ വകുപ്പ് സജ്ജമാക്കിയിട്ടുള്ള ഓൺലൈൻ സംവിധാനത്തിന്റെ വിശദാംശം നൽകാമോ; | (എ) | സംസ്ഥാനത്തെ ഭൂനികുതിയും (Land Tax) മറ്റ് നികുതികളും ഓൺലൈനായി അടവാക്കുന്നതിന് റവന്യൂ വകുപ്പിന്റെ റിലീസ് പോർട്ടലിൽ (https://revenue.kerala.gov.in) ഇ-പേയ്മെന്റ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഭൂനികുതി, ഒറ്റത്തവണ കെട്ടിട നികുതി, അധികനികുതി തുടങ്ങിയവ പോർട്ടലിൽ ഒരുക്കിയിട്ടുള്ള നെറ്റ് ബാങ്കിംഗ്, ഡെബിറ്റ്/ക്രെഡിറ്റ് കാർഡ്, യു.പി.ഐ തുടങ്ങിയ ഡിജിറ്റൽ പെയ്മെന്റ് മാർഗങ്ങൾ ഉപയോഗിച്ച് അടയ്ക്കുന്നതിന് സാധിക്കുന്നതാണ്. വില്ലേജ് ഓഫീസുകളിൽ നിന്നും ഓൺലൈനായി ലഭ്യമാകുന്ന വിവിധ സേവനങ്ങൾക്ക് അടവാക്കുന്ന മറ്റ് ഫീസുകളും ഇതുവഴി അടവാക്കാവുന്നതാണ്.<br><br>കൂടാതെ, ഡിജിറ്റൽ സർവെ പൂർത്തിയായ വില്ലേജുകളിൽ, പ്രവാസികൾ ഉൾപ്പെടെ ഏതൊരു പൗരനും ഭൂനികുതി ഓൺലൈനായി അടയ്ക്കുന്നതിനും ഭൂസംബന്ധമായ സേവനങ്ങൾ ലഭ്യമാക്കുന്നതിനുമായി റവന്യൂ, രജിസ്ട്രേഷൻ, സർവെ വകുപ്പുകളുടെ സംയുക്ത പോർട്ടലായ 'എന്റെ ഭൂമി' (Integrated Land Information Management System ILIMS) പോർട്ടൽ സംസ്ഥാനത്ത് നിലവിൽ പ്രവർത്തിച്ചു വരുന്നു.<br><br>മേൽപ്പരാമർശിച്ചിട്ടുള്ള റവന്യൂ സേവനങ്ങൾ യു.എസ്.എ., യു.കെ, കാനഡ, സിങ്കപ്പൂർ, സൗദി അറേബ്യ, യു.എ.ഇ, ഒമാൻ, ഖത്തർ, കുവൈറ്റ്, ബഹ്റൈൻ തുടങ്ങിയ 10 വിദേശ രാജ്യങ്ങളിലുള്ള കേരളത്തിലെ പ്രവാസികൾക്കും ലഭ്യമാക്കിയിട്ടുള്ളതാണ്. |

| | | | |
|---|---|---|---|
| (ബി) | വിദേശ രാജ്യങ്ങളിലുള്ളവർക്ക് നാട്ടിലെ റവന്യൂ സേവനങ്ങൾ എളുപ്പമാക്കുന്നതിനായി റവന്യൂ വകുപ്പ് മുന്നോട്ടുവയ്ക്കുന്ന മൂന്ന് പ്രധാന ദർശനങ്ങൾ (വിഷൻ) എന്തെല്ലാമാണ്; വ്യക്തമാക്കാമോ; | (ബി) | (എ) പിരിവിനുള്ള മറുപടി |
| (സി) | വിദേശത്തുള്ള ഒരാൾക്ക് തന്റെ ഭൂമിയുടെ ഉടമസ്ഥാവകാശ രേഖകളും മാപ്പുകളും പരിശോധിക്കാൻ സഹായിക്കുന്ന ഏകീകൃത പോർട്ടലിന്റെ വിവരങ്ങൾ വിശദമാക്കാമോ; | (സി) | ഡിജിറ്റൽ സർവെ പൂർത്തിയായ വില്ലേജുകളിൽ, റവന്യൂ, രജിസ്ട്രേഷൻ, സർവെ വകുപ്പുകളിലെ വിവിധ ഭൂസേവനങ്ങൾ സംയോജിപ്പിച്ച് സംസ്ഥാന സർക്കാർ "എന്റെഭൂമി" എന്ന ഏകീകൃത ഡിജിറ്റൽ പോർട്ടൽ രൂപീകരിച്ചിരിക്കുന്നു. വിവിധ വകുപ്പുകളിൽ നിലനിൽക്കുന്ന ഭൂമി വിവരങ്ങളെ ഏകോപിപ്പിച്ച്, പൊതുജനങ്ങൾക്ക് സുതാര്യവും കാര്യക്ഷമവും സമയബന്ധിതവുമായ സേവനങ്ങൾ ഉറപ്പാക്കുകയാണ് ഈ സംവിധാനത്തിന്റെ പ്രധാന ലക്ഷ്യം.<br><br>ഈ പോർട്ടലിലൂടെ ഡിജിറ്റൽ സർവെ നടപ്പാക്കിയ വില്ലേജുകളിലെ ഭൂസേവനങ്ങൾ ഓൺലൈനായി ലഭ്യമാക്കുന്നതോടെ, സംസ്ഥാനത്തിനകത്തും വിദേശത്തും താമസിക്കുന്ന വ്യക്തികൾക്കും ഒരുപോലെ സേവനങ്ങൾ പ്രയോജനപ്പെടുത്താൻ സാധ്യമാകുന്നു. ഇതിലൂടെ ഭൂമിയുമായി ബന്ധപ്പെട്ട നടപടികൾ ലളിതമാക്കുകയും ഭരണപരമായ കാര്യക്ഷമത വർധിപ്പിക്കുകയും ചെയ്യുന്നു.<br><br>ഡിജിറ്റൽ സർവെ പൂർത്തിയായ വില്ലേജുകളിൽ 'എന്റെ ഭൂമി' (ILIMS) പോർട്ടൽ വഴി ലഭ്യമാകുന്ന പ്രധാന സേവനങ്ങൾ ചുവടെ ചേർക്കുന്നു:<br><br>ഡിജിറ്റൽ സർവെയ്ക്ക് മുൻപുള്ള വസ്തുക്കളുടെ സ്കെച്ച് വിവരങ്ങൾ ഓൺലൈനായി തിരയുന്നതിനും അവ നിർദ്ദേശിക്കപ്പെട്ട നിശ്ചിത തുക ഒടുക്കി ഡൗൺലോഡ് ചെയ്ത് എടുക്കുന്നതിനുമുള്ള സൗകര്യം.<br><br>ഡിജിറ്റൽ സർവെ നടക്കുന്ന വില്ലേജുകളിൽ ഭൂപരാതികൾ ഉള്ളവ ജനറൽ കംപ്ലയിന്റ്, ഒറിജിനൽ കംപ്ലെയിന്റ് (OLC) വഴി പരിഹരിക്കാനുള്ള അവസരം.<br><br>സെക്ഷൻ 9(2) പ്രസിദ്ധീകരിച്ച് ഒരു മാസ കാലയളവിൽ അപ്പീൽ ലാൻഡ് കംപ്ലെയിന്റ് (ALC) വഴി പരാതി ഓൺലൈനായി പരിഹരിക്കാൻ സൗകര്യം.<br><br>ഭൂവുടമകൾക്ക് ഭൂമിയെ കുറിച്ചുള്ള ഫോം 50 വിവരങ്ങൾ, ലാൻഡ് പാർസൽ മാപ്പ്, ഡിജിറ്റൽ സർവെ അധിഷ്ഠിതമാക്കിയുള്ള എല്ലാ രേഖകളും പരിശോധിക്കുവാനുള്ള സൗകര്യം എന്നിവ ഓൺലൈനായി ലഭ്യമാക്കുന്നു. |

| | | | |
|---|---|---|---|
| | | | ഡിജിറ്റൽ സർവെ പൂർത്തീകരിച്ച വില്ലേജുകളിൽ റവന്യൂ, സർവെ, രജിസ്ട്രേഷൻ വകുപ്പുകളുടെ സംയോജിത പോർട്ടലായ (ILIMS) ന്റെ ഭാഗമായ എന്റെ ഭൂമി പോർട്ടൽ വഴി ഭൂവുടമസ്ഥന് ഭൂമി കൈമാറ്റവുമായി ബന്ധപ്പെട്ട എല്ലാ നടപടിക്രമങ്ങളും ഒരൊറ്റ പോർട്ടലിലൂടെ പൂർത്തിയാക്കാൻ കഴിയുന്നു. ഭൂമിയുടെ രജിസ്ട്രേഷൻ കഴിഞ്ഞാലുടൻ ഇതുമായി ബന്ധപ്പെട്ട എല്ലാ രേഖകളും - രജിസ്ട്രേഷൻ ഡീഡ്, റവന്യൂ റെക്കോർഡ്, ഡിജിറ്റൽ ലാൻഡ് പാർസൽ മാപ്പ് എന്നീ സേവനങ്ങൾ ഓൺലൈനായി ലഭിക്കുന്നു. കൂടാതെ,<br><br>തണ്ടപ്പേർ സർട്ടിഫിക്കറ്റ്<br><br>പ്രീ മ്യൂട്ടേഷൻ സ്കെച്ച്<br><br>ബാധ്യതാ സർട്ടിഫിക്കറ്റ്<br><br>ഭൂമിയുടെ ന്യായവില<br><br>ടെംപ്ലേറ്റ് അടിസ്ഥാനമാക്കിയുള്ള ഭൂമി രജിസ്ട്രേഷൻ<br><br>പോക്ക് വരവ്<br><br>ഭൂപരിപാലനം<br><br>ഭൂനികുതി അടയ്ക്കുന്നതിനുള്ള സൗകര്യം<br><br>ലൊക്കേഷൻ സ്കെച്ച്<br><br>മുൻ സർവെ റിക്കാർഡുകളുടെ വിതരണം<br><br>ഡിജിറ്റൽ സർവെ മാപ്പ്<br><br>ലാൻഡ് ഐഡന്റിഫിക്കേഷൻ<br><br>തുടങ്ങിയ സേവനങ്ങളും എന്റെ ഭൂമി സംയോജിത പോർട്ടലിൽ ലഭ്യമാകും. |
| (ഡി) | സുസ്ഥിര റവന്യൂ മാതൃക കെട്ടിപ്പടുക്കുന്നതിലൂടെ പ്രവാസികൾക്ക് ലഭിക്കുന്ന പ്രധാന ഗുണങ്ങൾ എന്തെല്ലാമാണ്; വ്യക്തമാക്കാമോ? | (ഡി) | "സേവനങ്ങൾക്ക് ദൂരപരിധിയില്ല" എന്ന സങ്കൽപം യാഥാർത്ഥ്യമാക്കുന്നതാണ് ഭൂസേവനങ്ങളുടെ സമ്പൂർണ ഡിജിറ്റലൈസേഷൻ. ഇതിന്റെ ഭാഗമായി ഡിജിറ്റൽ സർവെ പൂർത്തിയായ വില്ലേജുകളുമായി ബന്ധപ്പെട്ട ആവശ്യമായ ഭൂമി രേഖകൾ ലോകത്തിന്റെ ഏത് ഭാഗത്തുനിന്നും തന്നെ ഓൺലൈൻ സംവിധാനങ്ങളിലൂടെ എളുപ്പത്തിലും സമയബന്ധിതമായും ലഭ്യമാക്കാൻ സാധിക്കുന്നു. ഇതുവഴി പ്രവാസികൾ ഉൾപ്പെടെയുള്ള പൗരന്മാർക്ക് സേവനങ്ങൾക്കായി നേരിട്ട് സർക്കാർ ഓഫീസുകളെ ആശ്രയിക്കേണ്ട സാഹചര്യം ഗണ്യമായി കുറയുകയും ഇടനിലക്കാരുടെ ഇടപെടൽ ഫലപ്രദമായി |

| | | | |
|---|---|---|---|
| | | | ഒഴിവാക്കുകയും ചെയ്യുന്നു. സുതാര്യതയും നിയമസുരക്ഷയും ഉറപ്പാക്കുന്നതോടൊപ്പം സമയം, യാത്രാചെലവ് തുടങ്ങിയവയിൽ ലാഭം കൈവരിക്കാൻ ഈ സംവിധാനം സഹായകമാണ്. ഇതിന്റെ സമഗ്രഫലമായി സർക്കാർ സേവനങ്ങളോടുള്ള പൊതുജന വിശ്വാസം വർധിക്കുകയും ഭരണസംവിധാനത്തിന്റെ കാര്യക്ഷമതയും സ്ഥിരതയും മെച്ചപ്പെടുകയും ചെയ്യുന്നു.<br><br>കൂടാതെ, റവന്യൂ വകുപ്പ് പ്രവാസികൾക്കായി 'പ്രവാസി മിത്രം' എന്ന പേരിൽ ഓൺലൈൻ പരാതി പരിഹാര സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. റവന്യൂ സർവ്വെ വകുപ്പുകളുടെ സേവനങ്ങളുമായി ബന്ധപ്പെട്ട ആക്ഷേപങ്ങളോ പരാതികളോ ഉണ്ടെങ്കിൽ ആയതുമായി ബന്ധപ്പെട്ട പരാതികൾ ഇതുവഴി പ്രവാസികൾക്ക് ഓൺലൈനായി നൽകുന്നതിനും അവയുടെ തൽസ്ഥിതി അറിയുന്നതിനും കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ